| 6798/21.10.19 | 1,20,770/- |
| 9300/24.12.19 | 48,870/- |
| 9139/05.12.19 | 80,513/- |
| 9464/31.12.19 | 43,664/- |
| 1643/24.01.20 | 39,001/- |
| 10567/7.2.20 | 16,263/- |
| 11404/29.02.20 | 2,01,284/- |
| 2025/19.03.20 | 3847/- |
| 2574/16.05.20 | 15,003/- |
| 1336/30.04.20 | 68,216/- |

| | |
|---|---|
| 615/16.05.20 | 7761/- |
| ആകെ | 7,76,772/- |

പ്രസ്തുത സാഹചര്യത്തിൽ, ബാക്കി ലഭിക്കുവാനുള്ള 23,228/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി, സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 സ്വയം തൊഴിൽ (ഓട്ടോറിക്ഷ) പൊതുവിഭാഗം- ലൈസൻസ് ഇല്ലാത്ത വ്യക്തിക്ക് സബ്സിഡി നൽകി

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | സ്വയം തൊഴിൽ (ഓട്ടോറിക്ഷ) പൊതുവിഭാഗം,<br>പ്രോജക്ട് നമ്പർ നം. 60/19-20 |
| നിർവഹണ ഉദ്യോഗസ്ഥ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 55,00,000/-രൂപ |
| ഫണ്ട് | വികസനഫണ്ട് (ജനറൽ) |
| ചെലവ് | 3,50,000/-രൂപ<br>ബിൽ നമ്പർ. 1/19-20, 20.01.2020 - 2,00,000/-രൂപ<br>ബിൽ നമ്പർ. 2/19-20, 20.01.20 -50,000/-രൂപ<br>ബിൽ നമ്പർ. 6/19-20, 20.01.20 -50,000/-രൂപ<br>ബിൽ നമ്പർ. 8/19-20, 20.01.20 -50,000/-രൂപ |

സ്വയം തൊഴിൽ കണ്ടെത്തുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനും, തൊഴിൽ രഹിതരായ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടത്തി ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നീ ഉദ്ദേശത്തോടെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് സ്വയം തൊഴിൽ (ഓട്ടോറിക്ഷ) പൊതുവിഭാഗം (പ്രോജക്ട് നമ്പർ നം.60/19-20). വായ്പാബന്ധിത പ്രോജക്ടായി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരമുള്ള ധനസഹായതുക ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിലേക്കാണ് നൽകിയത്. ഈ പദ്ധതി പ്രകാരം 7 ഗുണഭോക്താക്കൾക്കാണ് സബ്സിഡി ആനുകൂല്യം നൽകിയത്. (7x50,000). 14.02.2018 ലെ സ.ഉ(കൈ)നം. 22/2018/തസ്വഭവ, തിരുവനന്തപുരം ഖണ്ഡിക 6.4 പ്രകാരം വാഹനം വാങ്ങുന്നതിന് മുമ്പ് ബാഡ്ജ് കരസ്ഥമായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ബാഡ്ജ് ഇല്ലാത്ത ശ്രീ. പ്രദീപ്. ആർ, പ്രമോദ് ഭവനം, റേഡിയോ ജംഗ്ഷൻ എന്ന ഗുണഭോക്താവിന് പദ്ധതിപ്രകാരം 50,000/-രൂപ (ബിൽ നമ്പർ. 1/19-20, 20.01.20) സബ്സിഡി ആനുകൂല്യം നൽകിയിട്ടുണ്ട്. മേൽ ഗുണഭോക്താവിന്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ കുണ്ടറ ശാഖയുടെ അക്കൗണ്ട് നമ്പർ 872166485520 ലേക്ക് ട്രഷറി മുഖേന ആർ.റ്റി.ജി.എസ്. ചെയ്ത് നൽകിയിട്ടുള്ളതാണ്.

ഓട്ടോ ഓടിക്കുന്നതിന് ലൈസൻസ് ഇല്ലാത്ത വ്യക്തിക്ക് സബ്സിഡി നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ മേൽഗുണഭോക്താവ് നിർവഹണ ഉദ്യോഗസ്ഥൻ മുഖേന ലഭ്യമാക്കിയ മറുപടിയിൽ, ടിയാൻ നാളിതുവരെ ഓട്ടോറിക്ഷ ഓടിക്കുന്നതിനുള്ള ലൈസൻസ് എടുത്തിട്ടില്ല എന്നും, ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥനായ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർക്ക് സമർപ്പിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ ശ്രീ. പ്രദീപിന്റെ പേർക്ക് ഓട്ടോറിക്ഷ രജിസ്റ്റർ ചെയ്തതിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ്, ടാക്സ് എന്നിവ ഒടുക്കിയതിന്റെ അസൽ രേഖകളും ഈ മറുപടിയോടൊപ്പം

ഹാജരാക്കുകയും ആയത് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഓട്ടോ ഓടിക്കുന്നതിന് ലൈസൻസ് ഇല്ലാത്ത വ്യക്തിക്ക് സബ്സിഡി നൽകിയ ഇനത്തിൽ ചെലവഴിച്ച 50,000/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ. 8 /2019-20, 19.02.2022.
നിരാകരണം – 50,000/-രൂപ.

1-17 വാടകയ്ക്ക് എടുത്ത വാഹനം സഞ്ചരിച്ച കിലോ മീറ്റർ വ്യക്തമാക്കുന്ന രേഖകൾ ലഭ്യമായില്ല

2019- പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ വാഹനം ജില്ലാ കളക്ടേറ്റിലെ ഇലക്ഷൻ വിഭാഗത്തിന് വിട്ടു നൽകുകയുണ്ടായി. ഇതിനു പകരമായി ബ്ലോക്കിന്റെ തനതു ആവശ്യങ്ങൾക്ക് വാടകയ്ക്ക് എടുത്ത വാഹനത്തിന്റെ (KL-24 P-16) വാടക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30-04-2019 ലെ പി/85/19 നമ്പർ ഉത്തരവ് പ്രകാരം, ശ്രീമതി രഞ്ജു. ജി, രഞ്ജു വിലാസം, നെടുമൺകാവ്, എന്ന വ്യക്തിയിൽ നിന്നും 11 -03 -2019 മുതൽ 10 -04 -2019 വരെ ഒരു മാസക്കാലം ദിവസം 1000/- രൂപ ക്രമത്തിൽ 30,000/- രൂപയും, 11 -04 -2019 മുതൽ 20 -04 -2019 വരെ കിലോമീറ്ററിനു 15/-രൂപ ക്രമത്തിൽ 367 KM-നു 5,505/-രൂപയും ചേർത്തു 35,500/- രൂപ ഉടമസ്ഥന്റെ അക്കൗണ്ടിലേക്കു (A/c No. - 17280100023505, ഫെഡറൽ ബാങ്കിന്റെ നെടുമൺകാവ് ശാഖ) നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വാഹനം സഞ്ചരിച്ച കിലോമീറ്റർ വ്യക്തമാക്കുന്ന രേഖകൾ (വേ ബിൽ/ലോഗ് ബുക്ക്) ഒന്നും തന്നെ ലഭ്യമായിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ 35,500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 1/14.02.2022.

1-18 ആശ്വാസ കിരൺ പദ്ധതി-അർഹർക്ക് ധനസഹായം ലഭിച്ചോയെന്ന് വ്യക്തമല്ല

| | |
|---|---|
| പദ്ധതി | എസ്.0002/20- ആശ്വാസ കിരൺ പദ്ധതിക്ക് ധനസഹായം – സാമൂഹിക നീതി വകുപ്പ് |
| അടങ്കൽ | 10,00,000/-രൂപ (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | 10,00,000/-രൂപ (ബിൽ നം. 6/19-20, 26.6.2019) |
| നിർവഹണം | സെക്രട്ടറി |

സർക്കാർ ഉത്തരവ് (സാധാരണ) നം. 1209/2013/ത.സ്വ.ഭ.വ, 6.5.2013 പ്രകാരം കിടപ്പുരോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്നതിനു വേണ്ടി സാമൂഹിക നീതി വകുപ്പിന് തുക നൽകുന്നതിനായി നടപ്പാക്കിയ ഈ പദ്ധതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം നൽകുന്ന അർഹരുടെ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് സഹായധനം നൽകാനാണ് പദ്ധതി വിഭാവനം ചെയ്തത്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പഞ്ചായത്തുകളിൽ ആർക്കൊക്കെ ധനസഹായം ലഭ്യമായിട്ടുണ്ട്, സി.ഡി.പി.ഒ./ഐ.സി.ഡി.എസ്. സൂപ്പർവൈസർ മുഖേന എത്രപേർ അപേക്ഷ നൽകി, തുടർനടപടികൾ എന്തൊക്കെ എന്നീ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായില്ല. ഇവ ലഭ്യമാക്കേണ്ടതും സാധാരണക്കാർക്ക് പ്രയോജനപ്പെടുത്തേണ്ടതുമാണ്. കൂടാതെ ഈ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 10,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-10/19.2.2022

1-19 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

| | |
|---|---|
| പദ്ധതി | എസ്.0003/20- ജീവനം -ജില്ലാ പഞ്ചായത്തിന് തുക നൽകൽ |
| അടങ്കൽ | 9,00,000/-രൂപ (വികസന ഫണ്ട് ,ജനറൽ) |
| ചെലവ് | 9,00,000/-രൂപ<br>(ബിൽ നം. 8/19-20, 8.7.2019, 4,00,000/-രൂപ,<br>ബിൽ നം. 45/19-20, 14.1.2020, 5,00,000/-രൂപ) |
| നിർവഹണം | സെക്രട്ടറി |

പദ്ധതിപ്രകാരം ജില്ലാപഞ്ചായത്ത് സെക്രട്ടറി പേർക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 9,00,000/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-10/19.2.2022.

1-20 സാക്ഷരത തുടർവിദ്യാഭ്യാസ പദ്ധതി- രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി | എസ്.0015/20- സാക്ഷരത തുടർവിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ | 4,50,000/- (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | 3,48,800/-രൂപ<br>(ബിൽ നം. 26/19-20, 23.9.2019 - 74,800/-രൂപ,<br>ബിൽ നം. 42/19-20, 13.1.2020 - 2,74,000/-രൂപ) |
| നിർവഹണം | സെക്രട്ടറി |

പത്താം തരം തുല്യത – 56 വിദ്യാർത്ഥികൾക്ക് 1,850/-രൂപ വീതം ആകെ 1,03,600/-രൂപ.

ഹയർ സെക്കന്ററി തുല്യത (പ്ലസ് 1) - 40 വിദ്യാർത്ഥികൾക്ക് 2,500/-രൂപ വീതം ആകെ 1,00,000/-രൂപ.

ഹയർ സെക്കന്ററി തുല്യത (പ്ലസ് 2)- 66 വിദ്യാർത്ഥികൾക്ക് 2,200/-രൂപ വീതം ആകെ 1,45,200/-രൂപ.

ആകെ 3,48,800/-രൂപ ജില്ലാ സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്.

വിദ്യാർത്ഥികളുടെ ഹാജർ, പരീക്ഷയിൽ പങ്കെടുത്തതിന്റെ രേഖകൾ, രജിസ്ട്രേഷൻ രേഖകൾ എന്നിവ ഹാജരാക്കിയില്ല. മതിയായ രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 3,48,800/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തുക തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 9/19.02.2022

1-21 മാലിന്യ സംസ്കരണപ്രവർത്തനങ്ങൾക്ക് അധിക ധനസഹായം പഞ്ചായത്തുകൾക്ക് - തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതി | എസ്.0054/20 - മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് അധിക ധനസഹായം പഞ്ചായത്തുകൾക്ക്. |
| അടങ്കൽ | 1,021,277/-രൂപ (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | 1,92,000/-രൂപ (ബിൽ നം. 48/19-20, 03-02-2020) |

| | |
|---|---|
| നിർവഹണം | സെക്രട്ടറി |

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി നെടുമ്പന ഗ്രാമ പഞ്ചായത്തിന് തുക നൽകുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിനിയോഗ രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,92,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. - 10/19.2.2022 .

തടസ്സപ്പെടുത്തിയ തുക – 1,92,000/-രൂപ .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലിന് സബ്സിഡി സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല-58,309/- രൂപ അധികം നൽകി

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ |
| പദ്ധതി, നം. | പാൽ വില സബ്സിഡി (17/20) |
| അടങ്കൽ തുക | 65,70,401/-രൂപ (വികസന ഫണ്ട്) |
| ചെലവ് തുക | 58,15,022/-രൂപ<br>ബിൽ നം. 1/26.7.19-1,11,447/-രൂപ<br>ബിൽ നം. 2/1.10.19-13,86,310/-രൂപ<br>ബിൽ നം. 3/6.12.19-12,61,718/-രൂപ<br>ബിൽ നം. 4/15.11.19-4,68,719/-രൂപ<br>ബിൽ നം. 5/18.1.19 -3,89,637/-രൂപ<br>ബിൽ നം. 6/18.1.20-3,68,365/-രൂപ<br>ബിൽ നം. 7/21.1.20-3,98,769/-രൂപ<br>ബിൽ നം. 8/28.1.20-4,03,560/-രൂപ<br>ബിൽ നം. 9/28.1.20-1,18,156/-രൂപ<br>ബിൽ നം. 10/28.1.20-4,93,552/-രൂപ<br>ബിൽ നം. 11/13,.3.20-4,14,789/-രൂപ |

സബ്സിഡി മാർഗ്ഗ രേഖ ഉത്തരവ് നം. സ.ഉ(കൈ) നം. 22/2018/ത.സ്വ.ഭ.വ തീയതി. 14.2.2018, ഖ. 6.2.8 പ്രകാരം പാലിന് സബ്സിഡിയിനത്തിൽ ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000/- രൂപയാണെന്ന് വ്യക്തമാക്കിയിരിക്കേ ഉത്തരവ് പാലിക്കാതെ ഒരു വർഷത്തിൽ (2019-20 വർഷം) 40000/- രൂപയിൽ അധികം തുക വ്യക്തികൾക്ക് സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | അനുവദിച്ച സബ്സിഡി (₹) | യു.ടി.ആർ. നമ്പർ / തീയതി | സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം | അധികം അനുവദിച്ച തുക (₹) |
|---|---|---|---|---|
| തുളസീധരൻ പിള്ള ബി ആനന്ദ് ഭവൻ | 11032.00 | U000000721425466/ 01/10/2019 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 4384.00 | U000000743862142/ 06/12/2019 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 9864.00 | U000000736634224/ 15/11/2019 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 4228.00 | U000000755267676/ 21/01/2020 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 2844.00 | U000000764492248/ 25/02/2020 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 9561.00 | U000000719215844 | നെടുമ്പന ഗ്രാമപഞ്ചായത്ത് | |
| ആകെ | 41913.00 | | | 1913.00 |
| ജി മോഹനൻ, മിഥില A/C No 0074083000001595 | 40000.00 | U000000754646216 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 10107.00 | U000000780808512 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| ആകെ | 50107.00 | | | 10107.00 |
| മിനി. റ്റി, പാലോട്ടു കിഴക്കതിൽ 20151405733 | 14840.00 | U000000721425624 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 7820.00 | U000000743862384 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 8972.00 | U000000754634996 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 16460.00 | U000000769998450 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 3861.00 | U000000724408144 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 2200.00 | U000000780808158 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| ആകെ | 54153.00 | | | 14153.00 |
| ശ്രീരംഗൻ എൻ, ശിവശൈലം 12730100155074 | 6004.00 | U000000721426024 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 11976.00 | U000000743862646 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 7947.00 | U000000736634460 | തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | |
| | 14073.00 | U000000712146940 | തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | |
| | 5972.00 | U000000754645490 | തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | |

| | | | | |
|---|---|---|---|---|
| ആകെ | 45972.00 | | | 5972.00 |
| സുബൈർ ഒ, പണയിൽ പുത്തൻ വീട് 67130604315 | 13780.00 | U000000743862944 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 13780.00 | U000000736634560 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 3672.00 | U000000754646352 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 3696.00 | U000000755267592 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 5004.00 | U000000769998626 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 7422.00 | U000000719216116 | നെടുമ്പന ഗ്രാമപഞ്ചായത്ത് | |
| | 4664.00 | U000000723813836 | നെടുമ്പന ഗ്രാമപഞ്ചായത്ത് | |
| ആകെ | 52018.00 | | | 12018.00 |
| സിജ്ജ, ദേവകൃപ 20340100020342 | 4644.00 | U000000721425930 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 5572.00 | U000000743862600 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 12885.00 | U000000709020984 | മയ്യനാട് ഗ്രാമപഞ്ചായത്ത് | |
| | 9757.00 | U000000725532312 | മയ്യനാട് ഗ്രാമപഞ്ചായത്ത് | |
| | 4296.00 | U000000754580746 | മയ്യനാട് ഗ്രാമപഞ്ചായത്ത് | |
| | 2846.00 | U000000761029066 | മയ്യനാട് ഗ്രാമപഞ്ചായത്ത് | |
| | 4893.00 | U000000780808670 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| ആകെ | 44893.00 | | | 4893.00 |
| നിസാംകുട്ടി എസ്, ലക്ഷം വീട് 67347035942 | 8984.00 | U000000721426172 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 2243.00 | U000000764492036 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 7448.00 | U000000764492530 | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | |
| | 12285.00 | U000000712147086 | തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | |
| | 4528.00 | U000000754645588 | തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | |
| | 7896.00 | U000000754645806 | തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | |
| | 5869.00 | U000000754645986 | തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | |
| ആകെ | 49253.00 | | | 9253.00 |
| | | | ആകെ | 58309.00 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയട്ടുള്ളത് ശ്രീ

തുളസീധരൻ പിള്ള, ശ്രീ മോഹനൻ എന്നീ വ്യക്തികൾക്ക് 2019-20 വർഷം അധികം നൽകിയ തുക കുറച്ചാണ് 2020-21 വർഷം സബ്സിഡി തുക നൽകിയിട്ടുള്ളത് എന്നാണ്. ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000/- രൂപയായതിനാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. മറ്റ് ഗുണഭോക്താക്കളിൽ നിന്ന് അധികം നൽകിയ തുക തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സബ്സിഡിയിനത്തിൽ അധികം നൽകിയ തുക ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക -58,309/-രൂപ.
ഓഡിറ്റ് എൻക്വയറി നമ്പർ - 5/17.2.2022.

3-2 തരിശുഭൂമിയിലെ കൃഷി അധികം സബ്സിഡി തുക അനുവദിച്ചു ചെലവ് നഷ്ടം- 93,750/-രൂപ

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവഹണം നടത്തിയ തരിശുഭൂമിയിലെ കൃഷി എന്ന പദ്ധതിയിൽ വിസ്തീർണ്ണത്തിന് ആനുപാതികമായി നിയമാനുസൃത സബ്സിഡി അനുവദിക്കുന്നതിന് പകരം അധികം സബ്സിഡി തുക അനുവദിച്ചത് വഴി 93,750/-രൂപയുടെ നഷ്ടം സംഭവിച്ചു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| പദ്ധതി, നം | തരിശു ഭൂമിയിലെ കൃഷി (9/20) |
| അടങ്കൽ തുക | 1300000/- (വികസന ഫണ്ട്) |
| ചെലവ് തുക | 1277000/-രൂപ<br>(260000-2/13.3.20<br>125000 -3/13.3.20<br>250000-4/13.3.20<br>250000-5/13.3.20<br>180000-/23.3.20<br>200000-7/23.3.20<br>6160-11//24.3.20<br>5840-12/24.3.20 |

തരിശുഭൂമിയിലെ നെൽകൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 25,000/-രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുക എന്നതായിരുന്നു പ്രോജക്ട്. അതിന്റെ ഭാഗമായി നെടുമ്പന ഗ്രാമപഞ്ചായത്തിലുൾപ്പെട്ടിട്ടുള്ള നെടുമ്പന സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 7 ഹെക്ടർ തരിശുനിലം നെൽകൃഷി ചെയ്യുന്നതിലേക്കായി 1,75,000/- രൂപ സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്.

നെടുമ്പന ഗ്രാമ പഞ്ചായത്തിന്റെ 23-10-2019 തീയതിയിലെ 1/2 നമ്പർ തീരുമാനപ്രകാരം നെടുമ്പന ഏല, നെടുമ്പന സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനായി തരിശുനിലം അളന്നു തിട്ടപ്പെടുത്തി നൽകുന്നതിന് അക്രെഡിറ്റഡ് എഞ്ചിനീയറെ എം.എൻ.ആർ.ഇ.ജി.എസ്. ചുമതലപ്പെടുത്തുകയും ഇപ്രകാരം ലഭിക്കുന്ന വിസ്തീർണത്തിന് ആനുപാതികമായി നിയമാനുസൃത സബ്സിഡി നെടുമ്പന സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകുന്നതിനും തീരുമാനിക്കുകയുണ്ടായി. ആയത് പ്രകാരം നെടുമ്പന ഏല മെഷർമെന്റ് എം.എൻ.ആർ.ഇ.ജി.എസ്. ഓവർസിയർ അളന്നു തിട്ടപ്പെടുത്തുകയും മെഷർമെന്റ് പ്രകാരം വിസ്തീർണ്ണം 8.02 ഏക്കർ എന്ന് രേഖപ്പെടുത്തി ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുണ്ട്. 8.02 ഏക്കർ ഭൂമി 3.25 ഹെക്ടർ ആണെന്നിരിക്കെ 7 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് സബ്സിഡി അനുവദിക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികമായി സബ്സിഡി തുക അനുവദിച്ചത് വഴി 93,750/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

മെഷർമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം നെടുമ്പന ഏലയിൽ കൃഷി ചെയ്യുന്ന അതിലേക്കായി അനുവദിക്കേണ്ട സബ്സിഡി തുക-3.25Ha X 25000=81,250/-രൂപ.

അനുവദിച്ച സബ്സിഡി തുക=7Ha X 25000=1,75,000/-രൂപ.

അധികം അനുവദിച്ച തുക=175000-81250=93,750/-രൂപ.

ഇപ്രകാരം അധികമായി അനുവദിച്ച തുക നെടുമ്പന സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ് .

ഓഡിറ്റ് എൻക്വയറി നം. 7/18.2.22

നിരാകരിച്ച തുക-93,750/-രൂപ.

3-3 സ്വയം തൊഴിൽ (ഓട്ടോറിക്ഷ) പൊതുവിഭാഗം- ലൈസൻസ് ഇല്ലാത്ത വ്യക്തിക്ക് സബ്സിഡി നൽകി

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | സ്വയം തൊഴിൽ (ഓട്ടോറിക്ഷ) പൊതുവിഭാഗം,<br>പ്രോജക്റ്റ് നമ്പർ നം. 60/19-20 |
| നിർവഹണ ഉദ്യോഗസ്ഥ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 55,00,000/-രൂപ |
| ഫണ്ട് | വികസനഫണ്ട് (ജനറൽ) |
| ചെലവ് | 3,50,000/-രൂപ<br>ബിൽ നമ്പർ. 1/19-20, 20.01.2020 - 2,00,000/-രൂപ<br>ബിൽ നമ്പർ. 2/19-20, 20.01.20 -50,000/-രൂപ<br>ബിൽ നമ്പർ. 6/19-20, 20.01.20 -50,000/-രൂപ<br>ബിൽ നമ്പർ. 8/19-20, 20.01.20 -50,000/-രൂപ |

സ്വയം തൊഴിൽ കണ്ടെത്തുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനും, തൊഴിൽ രഹിതരായ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തി ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നീ ഉദ്ദേശത്തോടെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് സ്വയം തൊഴിൽ (ഓട്ടോറിക്ഷ) പൊതുവിഭാഗം (പ്രോജക്റ്റ് നമ്പർ നം.60/19-20). വായ്പാബന്ധിത പ്രോജക്റ്റായി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരമുള്ള ധനസഹായതുക ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിലേക്കാണ് നൽകിയത്. ഈ പദ്ധതി പ്രകാരം 7 ഗുണഭോക്താക്കൾക്കാണ് സബ്സിഡി ആനുകൂല്യം നൽകിയത്. (7x50,000). 14.02.2018 ലെ സ.ഉ(കൈ)നം. 22/2018/തസ്വഭവ, തിരുവനന്തപുരം ഖണ്ഡിക 6.4 പ്രകാരം വാഹനം വാങ്ങുന്നതിന് മുമ്പ് ബാഡ്ജ് കരസ്ഥമായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ബാഡ്ജ് ഇല്ലാത്ത ശ്രീ. പ്രദീപ്. ആർ, പ്രമോദ് ഭവനം, റേഡിയോ ജംഗ്ഷൻ എന്ന ഗുണഭോക്താവിന് പദ്ധതിപ്രകാരം 50,000/-രൂപ (ബിൽ നമ്പർ. 1/19-20, 20.01.20) സബ്സിഡി ആനുകൂല്യം നൽകിയിട്ടുണ്ട്. മേൽ ഗുണഭോക്താവിന്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ കുണ്ടറ ശാഖയുടെ അക്കൗണ്ട് നമ്പർ 872166485520 ലേക്ക് ട്രഷറി മുഖേന ആർ.റ്റി.ജി.എസ്. ചെയ്ത് നൽകിയിട്ടുള്ളതാണ്.

ഓട്ടോ ഓടിക്കുന്നതിന് ലൈസൻസ് ഇല്ലാത്ത വ്യക്തിക്ക് സബ്സിഡി നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ മേൽഗുണഭോക്താവ് നിർവഹണ ഉദ്യോഗസ്ഥൻ മുഖേന ലഭ്യമാക്കിയ മറുപടിയിൽ, ടിയാൻ നാളിതുവരെ ഓട്ടോറിക്ഷ ഓടിക്കുന്നതിനുള്ള ലൈസൻസ് എടുത്തിട്ടില്ല എന്നും, ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രോജക്റ്റിന്റെ നിർവഹണ ഉദ്യോഗസ്ഥനായ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർക്ക് സമർപ്പിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ ശ്രീ. പ്രദീപിന്റെ പേർക്ക് ഓട്ടോറിക്ഷ രജിസ്റ്റർ ചെയ്തതിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ്, ടാക്സ് എന്നിവ ഒടുക്കിയതിന്റെ അസൽ രേഖകളും ഈ മറുപടിയോടൊപ്പം ഹാജരാക്കുകയും ആയത് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഓട്ടോ ഓടിക്കുന്നതിന് ലൈസൻസ് ഇല്ലാത്ത വ്യക്തിക്ക് സബ്സിഡി നൽകിയ ഇനത്തിൽ ചെലവഴിച്ച 50,000/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ. 8 /2019-20, 19.02.2022.
നിരാകരണം – 50,000/-രൂപ.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 17.02.2022 | കെ.എസ്.എ.കെ.എൽ.എം.പി7/417/2022 തീയതി 08/06/2022 |

## 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | 2019-20 | 10,000/- | പി.എം.എ.വൈ. | 10,000/- | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ. | ജി.ഒ.എം.എസ്.90/13 /എൽ.എസ്.ജി.ഡി/ 14.3.14 | 33,47,645/- | 33,47,645/- | 33,47,645/- | | 0 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 3(23) | 2001-02 | 1-12 | കൊയ്ത്ത് മെതിയന്ത്രം വാങ്ങിയത് പാഴ്ചെലവ് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| - | - | 2014-15 (വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ട്) | 4.1.13 | 4,00,000/-രൂപ ചെലവിൽ വാങ്ങിയ 3 നടീൽ യന്ത്രങ്ങൾ ആർക്കാണ് കൈമാറിയത് എന്നുള്ള വിവരം ലഭ്യമല്ല. | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 58,309/- | ശ്രീമതി. അനു ആർ ബാബു, ക്ഷീരവികസന ഓഫീസർ |
| 3-2 | | 93,750/- | ശ്രീമതി. പ്രീത എൽ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-3 | | 50,000/- | ശ്രീ. ജോൺ മാത്യു, വ്യാവസായിക വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 14,07,418/- | ശ്രീമതി. പ്രീത. എൽ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 1-17 | 35,500/- | ശ്രീ. ജോർജ് അലോഷ്യസ്, സെക്രട്ടറി |
| 1-18 | 10,00,000/- | ശ്രീ. ജോർജ് അലോഷ്യസ്, സെക്രട്ടറി |
| 1-19 | 9,00,000/- | ശ്രീ. ജോർജ് അലോഷ്യസ്, സെക്രട്ടറി |
| 1-20 | 3,48,800/- | ശ്രീ. ജോർജ് അലോഷ്യസ്, സെക്രട്ടറി |
| 1-21 | 1,92,000/- | ശ്രീ. ജോർജ് അലോഷ്യസ്, സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അന്ന ആർ ബാബു, ക്ഷീരവികസന ഓഫീസർ | ക്ഷീരവികസന ഓഫീസർ, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | ഹൗസ് നമ്പർ.75, മംഗളം നഗർ, മങ്ങാട് പി.ഒ. |
| ശ്രീമതി. പ്രീത. എൽ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | കുന്നത്ത് വിളയിൽ, നീരാവിൽ, പെരിനാട്, കൊല്ലം |
| ശ്രീ. ജോൺ മാത്യു, വ്യവസായിക വികസന ഓഫീസർ | അസിസ്റ്റന്റ് ഇൻഡസ്ട്രീസ് ഓഫീസർ, താലൂക്ക് ഇൻസ്ട്രീസ് ഓഫീസ്, കുട്ടനാട് | പുത്തൻവീട്, കോഴിക്കോട്, കാറ്റടി പി ഒ, കൊല്ലം 691537 |
| ശ്രീ. ജോർജ് അലോഷ്യസ്, സെക്രട്ടറി | സെക്രട്ടറി, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | ഷീല ഭവൻ, മങ്ങാട് പി.ഒ, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി6/176/18 തീയതി 07.02.2018 | 1 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി6/176/18 തീയതി 07.02.2018 | 1 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി6/176/18 തീയതി 07.02.2018 | 2 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി6/176/18 തീയതി 07.02.2018 | 1 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി6/176/18 തീയതി 07.02.2018 | 1 |
| 2006-07 | എൽ.എഫ്.ക്യൂ.ഡി.ബി 1376(1)/2014 തീയതി 23.06.14 | 7 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി 1376(3)/2014 തീയതി 23.06.14 | 3 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി 1376(1)/2014 തീയതി 23.06.14 | 12 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി 1376(2)/2014 തീയതി 23.06.14 | 5 |
| 2010-11 & 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി 1376(1)/2014 തീയതി 23.06.14 | 15 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി 366/16 തീയതി 31.03.16 | 22 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി7/1663/17 തീയതി 12.02.18 | 13 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി7/456/17 തീയതി 08.01.18 | 16 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി7/1952/17 തീയതി 20.03.18 | 11 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി7/1947/18 തീയതി 03.07.20 | 15 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി7/1185/20 തീയതി 27.02.21 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.